DESPATCHED
23/06/2020
17.3.20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.417(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.4273/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. ജയറാം കെ.എസ്**
**ജയ നിവാസ്**
**ചെറിയേല**
**ആലുംമൂട് പി.ഒ**
**കൊല്ലം -691 577** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **കൃഷി അസിസ്റ്റന്റ് ഡയറക്ടർ**
   **നെന്മാറ**
   **പാലക്കാട്**

2. **അപ്പീൽ അധികാരി ആന്റ്**
   **പ്രിൻസിപ്പൽ കൃഷി ഓഫീസർ**
   **സിവിൽ സ്റ്റേഷൻ പാലക്കാട്**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.01.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 07.01.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.03.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.03.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.10.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.11.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ടി ഓഫീസിലെ 01.01.2014 മുതൽ 31.05.2014 വരെയുള്ള കാലയളവിലെ അറ്റൻഡൻസ് രജിസ്റ്ററിന്റെ സർട്ടിഫൈഡ് കോപ്പി നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി നൽകാത്തിനെത്തുടർന്ന് ഹർജിക്കാരൻ 19.12.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ മറുപടി നൽകിയില്ലെന്നും ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്നുമാണ്.

4. 07.01.2019 ന് അപ്പീൽ അധികാരി നൽകിയ മറുപടിയിൽ ഹർജിക്കാരൻ അപേക്ഷ അയച്ചിട്ടുള്ള നെല്ലിയാമ്പതി കൃഷി ഓഫീസ് നിലവിൽ പ്രവർത്തന രഹിതമായതിനാൽ ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നെന്മാറ അസിസ്റ്റന്റ് ഡയറക്ടർക്ക് അപേക്ഷ കൈമാറിയിട്ടുണ്ടെന്നാണ് അറിയിച്ചത്.

5. 21.01.2019 തീയതി നെന്മാറ അസിസ്റ്റന്റ് ഡയറക്ടർ നൽകിയ മറപടിയിൽ രണ്ടാം എതിർകക്ഷി നൽകിയ കത്ത് നെല്ലിയാമ്പതി കൃഷി ഓഫീസർക്ക് നൽകുകയും ആയതിന് ടി ഓഫീസിൽ നിന്നും നൽകിയ മറുപടിയിൽ ടി കൃഷിഭവനിലെ ഉദ്യോഗസ്ഥർ പുനർവിന്യാസ പ്രകാരം ഇതര ഓഫീസുകളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നതിനാൽ ടി ഓഫീസിന്റെ ദൈനദിന പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്നും ടി കൃഷിഭവൻ തുറന്ന് പ്രവർത്തിക്കുന്നില്ലാത്തതിനാൽ ഹാജർ പുസ്തകം സൂക്ഷിക്കുന്നില്ലായെന്നുമാണ്. നിലവിലെ ഉദ്യോഗസ്ഥർ പുനർ വിന്യസിക്കപ്പെട്ട സ്ഥാപനങ്ങളുടെ വിവരവും നൽകി.

6. 28.10.2019 ന് ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ ടി കൃഷിഭവൻ പ്രവർത്തനരഹിതമായതിനാൽ ജീവനക്കാർ വകുപ്പിന്റെ ഇതര ഓഫീസുകളിൽ പുനർവിന്യാസ പ്രകാരം നിയോഗിച്ചതിനാൽ നെല്ലിയാമ്പതി കൃഷി ഭവന്റെ

പ്രവർത്തനം നടക്കുന്നില്ലെന്നും ജീവനക്കാരെ പ്രത്യേക സേവനത്തിൽ നിയോഗിച്ച ഓഫീസുകളിലെ ഹാജർപുസ്തകത്തിലാണ് ഹാജർ രേഖപ്പെടുത്തുന്നതെന്നും, അതുകൊണ്ട് ഹാജർ പുസ്തകം സൂക്ഷിക്കുന്നില്ലെന്നും ജീവനക്കാരുടെ പ്രത്യേക സേവനവിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാത്തതും ആയത് ജില്ലാ കൃഷി ഓഫീസിൽ നിന്നും ലഭ്യമാകും എന്നുമാണ്.

7. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരി ശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി ഓഫീസ് പ്രവർത്തനരഹിതമായതിനാലാണ് നൽകാത്തത് എന്നും, ലഭ്യമായ വിവരങ്ങൾ അപ്പീൽ അധികാരിയുടെ നിർദ്ദേശത്തെത്തുടർന്ന് നൽകിയതായും കമ്മീഷന് ബോധ്യമാകുകയും ആയതിൻപ്രകാരം ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്നുകണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res

RIGHT TO INFORMATION